# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 8107/11/12/2023/**

പരാതികക്ഷി : ബി വത്സ, അഡ്വക്കേറ്റ് ലോസ്റ്റ് ഹോംസ്,
ചിറ്റഴ,വട്ടപ്പാറ, തിരുവനന്തപുരം

എതിർകക്ഷികൾ 1) ശ്രീലാൽ ചന്ദ്രശേഖരൻ സബ് ഇൻസ്പെക്ടർ
വട്ടപ്പാറ പോലീസ് സ്റ്റേഷൻ

2) ശ്രീജിത്ത്, ഇൻസ്പെക്ടർ
വട്ടപ്പാറ പോലീസ് സ്റ്റേഷൻ

**ഉത്തരവ് തീയതി 07.03.2025**

ഹർജികക്ഷിയുടെ അയൽവാസികളായ ബിജുകുമാർ, കൃഷ്ണകുമാർ എന്നിവർ പലതരത്തിലും ഹർജികക്ഷിയെ ഉപദ്രവിച്ചു വരികയാണെന്നും, തൻറെ വീടിനു ചുറ്റും രാത്രിയിലും പകലിലും പടക്കങ്ങൾ പൊട്ടിച്ച് ശല്യം ഉണ്ടാക്കുന്നത് പതിവാണെന്നും, ഇത് സംബന്ധിച്ച് എതിർകക്ഷികൾക്ക് പരാതി നൽകിയിട്ട് നടപടിയൊന്നും ഉണ്ടാകുന്നില്ല എന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറൽ 26.02.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതി വിഷയത്തിൽ തിരുവനന്തപുരം ജില്ല സ്പെഷ്യൽ ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിയതായും അന്വേഷണത്തിൽ പരാതികക്ഷി ഉന്നയിക്കും പ്രകാരം ദീപാവലി ദിവസങ്ങളിലും ഉത്സവവുമായി ബന്ധപ്പെട്ട മറ്റു ആഘോഷ ദിവസങ്ങളിലും പരാതികക്ഷിയുടെ അയൽവാസികളും നാട്ടുകാരും വിശേഷദിനാഘോഷത്തിന്റെ ഭാഗമായി പടക്കങ്ങളും മറ്റും പൊട്ടിക്കുന്നു എന്നുള്ളത് വാസ്തവം ആണെന്നും, പക്ഷേ അത് high explosive ആയിട്ടുള്ള സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചാണ് എന്നുള്ള പരാതികക്ഷിയുടെ വാദം തികച്ചും കളവാണെന്നും, മേൽപ്പറഞ്ഞ ദിവസങ്ങളിൽ പടക്കം പൊട്ടിച്ചതും ആയി ബന്ധപ്പെട്ട പരാതികക്ഷി നൽകിയ പരാതിയെ തുടർന്ന് നെടുമങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർ ആയതിന്റെ നിജസ്ഥിതിയെപ്പറ്റി സംഭവസ്ഥലത്ത് പോയി അന്വേഷണം നടത്തിയിട്ടുള്ളതാണെന്ന് സാക്ഷി മൊഴികളിലൂടെ വെളിവാകുന്നുണ്ടെന്ന് റിപ്പോർട്ടിൽ കാണുന്നു.

ഹർജികക്ഷി തന്റെ വീട്ടുകോമ്പൗണ്ടിൽ അനേകം നായ്ക്കളെ വളർത്തുന്നുണ്ടെന്നും, ഇത്തരത്തിൽ നായ്ക്കളെ വളർത്തുന്നതിന് വേണ്ടുന്ന ലൈസൻസോ മറ്റോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സിദ്ധിച്ചിട്ടില്ലാത്തതും ആണെന്നും, ഈ നായ്ക്കളെ ഇടയ്ക്ക് പൊതു നിരത്തിലേക്ക് തുറന്നു വിടാറുണ്ടെന്നും ആയതിനെ സംബന്ധിച്ച് അയൽക്കാരോ

റസിഡൻസ് അസോസിയേഷൻ പ്രവർത്തകരോ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉന്നയിച്ചാൽ അവർക്കെതിരെ പരാതിയുമായി മേൽ അധികാരങ്ങളിലേക്ക് പോകുന്നു എന്നുള്ള അയൽക്കാരുടെയും ചിറ്റാഴ റെസിഡൻസ് അസോസിയേഷൻ ഭാരവാഹികളുടെയും മറ്റും മൊഴികൾ ശ്രദ്ധേയമാണെന്നും, ഈ പരാതി അന്വേഷണത്തിൽ വാസ്തവ വിരുദ്ധമാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 07.03.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. അയൽവാസികളായ എതിർകക്ഷികളിൽ നിന്നുള്ള ശല്യവും ഉപദ്രവവും ഇപ്പോഴും തുടരുന്നതായും എതിർകക്ഷികളുടെ സ്വാധീനത്താലാണ് ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നും ഹർജികക്ഷി പറയുന്നു. അയൽവാസികളായ എതിർകക്ഷികളിൽ നിന്നും ഇപ്പോഴും ശല്യം ഉണ്ടാകുന്നുവെങ്കിൽ ആയത് കാണിച്ചു ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറൽ ന് പരാതി നൽകാവുന്നതാണ്. അപ്രകാരം പരാതി ലഭിച്ചാൽ ജില്ലാ പോലീസ് മേധാവി ആയത് പരിശോധിച്ച് നിയമാനുസരണം അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന നിർദേശത്തോടു കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറൽ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപകർപ്പ്//
രജിസ്ട്രാർ.